**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739** **17-09-2025 - ൽ മറുപടിയ്ക്ക്**

**പുനഃരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കെ. എസ്. ഇ. ബി. നൽകി വരുന്നത്; | (എ) | സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഗാർഹിക ഉപഭോക്താക്കൾക്ക് 3 kW വരെ പരമാവധി 78,000/- രൂപ സബ്സിഡി അനുവദിക്കുന്നു. സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിച്ച് ആവശ്യത്തിന് ശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് 2024-25 സാമ്പത്തിക വർഷം യൂണിറ്റിന് 3.26 രൂപ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിംഗ് സംവിധാനം ഉപയോഗിച്ച് സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേക്കു കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വില കൂടിയ സമയത്തു തിരികെ ഉപയോഗിക്കാൻ കഴിയുന്നു. കൂടാതെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേക്കു വീൽ ചെയ്തു ഉപയോഗിക്കുവാനും കഴിയുന്നു. |
| (ബി) | പുരപ്പുറ സൗരോർജ്ജ ഉല്പാദകർ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് വാങ്ങൽ വിലയായി യൂണിറ്റ് ഒന്നിന് നിശ്ചയിച്ചിട്ടുള്ള 4.36 രൂപ നിരക്കിൽ നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | സൗരോർജ്ജ ഉത്പാദകർ ഗ്രിഡ്ഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് വാങ്ങൽ വില നിശ്ചയിക്കുന്നത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ആണ്. നിലവിൽ യൂണിറ്റ് ഒന്നിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് **3.26** രൂപയാണ്.<br><br>2025 മാർച്ച് 31 - ന് അവസാനിക്കുന്ന വർഷത്തേക്ക്, പുരപ്പുറ സോളാർ ഉത്പാദകർ സ്വന്തം ഉപയോഗത്തിനു ശേഷം ഗ്രിഡിലേക്ക് പകൽ സമയത്തു നൽകിയ അധിക വൈദ്യുതിക്ക് യൂണിറ്റിന് 3 രൂപ 26 പൈസയാണ് കമ്മീഷൻ അംഗീകരിച്ചത്. 2024 മാർച്ച് 31ന് അവസാനിച്ച് വർഷത്തേക്ക് അംഗീകരിച്ച നിരക്ക് യൂണിറ്റിന് 3 രൂപ 15 പൈസ ആയിരുന്നു. ഇതിനേക്കാൾ യൂണിറ്റിന് 11 പൈസ |

കൂടുതൽ ആണ് 2025 മാർച്ച് 31- ന് അവസാനിക്കുന്ന വർഷത്തേക്ക് അംഗീകരിച്ചു നൽകിയിട്ടുള്ളത്.

മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചെലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെൻറ് നിരക്ക് നിശ്ചയിച്ചിരുന്നത്.

എന്നാൽ 2023-24 വർഷത്തേയ്ക്ക്, താഴെപ്പറയുന്ന കാരണങ്ങളാൽ, വൈകുന്നേരം 6മണി മുതൽ 10 മണി വരെയും, കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും, അതു കാരണം ടി സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രണാതീതമായി വർദ്ധിക്കുകയും ചെയ്തിരുന്നു.

I. സംസ്ഥാനത്ത് 2023-24 വർഷത്തിൽ, ലഭിച്ച മഴ, സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതു കാരണം ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള ഉൽപ്പാദനത്തിൽ സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 1,477 ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.

II.രാജ്യത്താകമാനവും, സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24 വർഷത്തിൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി കാരണത്താൽ, പീക്ക് ഡിമാൻറും, വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ടി കാരണത്താൽ 2023-24 വർഷത്തിൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 2,422 ദശലക്ഷം യൂണിറ്റ് വർദ്ധിച്ചിരുന്നു.

വരൾച്ചയും, ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും, സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഒഴിവാക്കുന്നതിനും വേണ്ടി, യൂണിറ്റിന് 10 രൂപ മുതൽ 12 രൂപ വരെ നിരക്കിൽ പീക്ക് സമയത്തും, രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതു കാരണം, വൈദ്യുതി വാങ്ങൽ ചിലവ് 2022-23 ൽ യൂണിറ്റിന് 3 രൂപ 15 പൈസയായിരുന്നത്, 2023-24 വർഷത്തേക്ക് 4 രൂപ 34 പൈസയായി വർദ്ധിച്ചിരുന്നു.

സോളാർ ഉൽപ്പാദകർ പകൽ സമയത്തു മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിൻറെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി

| | | | |
|---|---|---|---|
| | | | പീക്ക് സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും, 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.<br><br>മേൽകാരണങ്ങളാൽ, പീക്ക് സമയത്തും, രാത്രി കാലങ്ങളിലുമുണ്ടായ, ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനു വേണ്ടി, പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിത വിലക്ക് വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക്, പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്ത അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മീഷൻ വിലയിരുത്തിയത്. എന്നാൽ, 2023-24 വർഷത്തിൽ, 2022-23നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ളേഷൻ കൂടി കണക്കിലെടുത്ത് മുൻവർഷത്തെ അപേക്ഷിച്ച്, യൂണിറ്റിന് 11 പൈസ അധികമായി നൽകി, 3 രൂപ 26 പൈസയാണ് 2024-25 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെൻ്റ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്. |
| (സി) | നിശ്ചിത നിരക്കിൽ ഉല്പാദകർക്ക് വാങ്ങൽ വില നൽകാത്തത് കേന്ദ്ര നിയമത്തിലെ ചട്ടങ്ങൾക്കും റഗുലേറ്ററി കമ്മീഷൻ നിർദേശങ്ങൾക്കും അനുസൃതമല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | സൗരോർജ്ജ ഉത്പാദകർ ഗ്രിഡ്ഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് വാങ്ങൽ വില നിശ്ചയിക്കുന്നത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ആണ്. നിലവിൽ യൂണിറ്റ് ഒന്നിന് നിശ്ചയിച്ചിട്ടുള്ള നിരക്ക് **3.26** രൂപയാണ്.<br><br>2025 മാർച്ച് 31 - ന് അവസാനിക്കുന്ന വർഷത്തേക്ക്, പുരപ്പുറ സോളാർ ഉത്പാദകർ സ്വന്തം ഉപയോഗത്തിനു ശേഷം ഗ്രിഡിലേക്ക് പകൽ സമയത്തു നൽകിയ അധിക വൈദ്യുതിക്ക് യൂണിറ്റിന് 3 രൂപ 26 പൈസയാണ് കമ്മീഷൻ അംഗീകരിച്ചത്. 2024 മാർച്ച് 31ന് അവസാനിച്ച് വർഷത്തേക്ക് അംഗീകരിച്ച നിരക്ക് യൂണിറ്റിന് 3 രൂപ 15 പൈസ ആയിരുന്നു. ഇതിനേക്കാൾ യൂണിറ്റിന് 11 പൈസ കൂടുതൽ ആണ് 2025 മാർച്ച് 31- ന് അവസാനിക്കുന്ന വർഷത്തേക്ക് അംഗീകരിച്ചു നൽകിയിട്ടുള്ളത്.<br>മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചെലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെൻ്റ് നിരക്ക് നിശ്ചയിച്ചിരുന്നത്. എന്നാൽ 2023-24 വർഷത്തേയ്ക്ക്, താഴെപ്പറയുന്ന കാരണങ്ങളാൽ, വൈകുന്നേരം 6മണി മുതൽ 10 മണി വരെയും, കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും, അതു കാരണം ടി |

സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രണാതീതമായി വർദ്ധിക്കുകയും ചെയ്തിരുന്നു.

I.സംസ്ഥാനത്ത് 2023-24 വർഷത്തിൽ, ലഭിച്ച മഴ, സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതു കാരണം ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള ഉൽപ്പാദനത്തിൽ സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 1,477 ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.

II.രാജ്യത്താകമാനവും, സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24 വർഷത്തിൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി കാരണത്താൽ, പീക്ക് ഡിമാൻ്റും, വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ടി കാരണത്താൽ 2023-24 വർഷത്തിൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ 2,422 ദശലക്ഷം യൂണിറ്റ് വർദ്ധിച്ചിരുന്നു.

വരൾച്ചയും, ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഒഴിവാക്കുന്നതിനും വേണ്ടി, യൂണിറ്റിന് 10 രൂപ മുതൽ 12 രൂപ വരെ നിരക്കിൽ പീക്ക് സമയത്തും, രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതു കാരണം, വൈദ്യുതി വാങ്ങൽ ചിലവ് 2022-23 ൽ യൂണിറ്റിന് 3 രൂപ 15 പൈസയായിരുന്നത്, 2023-24 വർഷത്തേക്ക് 4 രൂപ 34 പൈസയായി വർദ്ധിച്ചിരുന്നു.

സോളാർ ഉൽപ്പാദകർ പകൽ സമയത്തു മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിൻ്റെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി പീക്ക് സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും, 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.

മേൽകാരണങ്ങളാൽ, പീക്ക് സമയത്തും, രാത്രി കാലങ്ങളിലുമുണ്ടായ, ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനു വേണ്ടി, പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിത വിലക്ക് വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക്, പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്ത അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മീഷൻ വിലയിരുത്തിയത്. എന്നാൽ, 2023-24 വർഷത്തിൽ, 2022-23നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ളേഷൻ കൂടി

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് മുൻവർഷത്തെ അപേക്ഷിച്ച്, യൂണിറ്റിന് 11 പൈസ അധികമായി നൽകി, 3 രൂപ 26 പൈസയാണ് 2024-25 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെൻറ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്. |
| (ഡി) | പുനഃരുപയോഗ സ്രോതസ്സുകളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ മീറ്ററിംഗ് പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | നിലവിൽ പുനരുപയോഗ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്രൊസ്യൂമേഴ്സിന്റെ മീറ്ററിംഗ് സിസ്റ്റത്തിൽ മാറ്റം ഉദ്ദേശിക്കുന്നില്ല. എന്നാൽ റഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് റിലേറ്റഡ് മാറ്റേഴ്സ്) റഗുലേഷൻസ്, 2025 പുതുതായി വരുന്ന ചില പ്രോസ്യൂമേഴ്സിന്റെ മീറ്ററിംഗ് രീതി പരിഷ്കരിക്കാൻ നിർദ്ദേശമുണ്ട്. |
| (ഇ) | സംസ്ഥാനത്ത് പുനഃരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ഉല്പാദനം പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്ത് പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വിൻഡ് പൊട്ടൻഷ്യൽ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.<br><br>1. 300 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ, വിൻഡ് ഡവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്ത് നടപ്പിലാക്കാൻ ടെണ്ടർ നടപടികൾ തുടങ്ങി കഴിഞ്ഞു.<br><br>2. അതുപോലെ തന്നെ, കാറ്റിന്റെ ശക്തി താരതമേന്യ കൂടുതൽ ഉള്ള രാമക്കൽമേട് (150 MW), പാപ്പൻപാറ (50 MW), മാൻകുത്തിമേട് (50 MW), അഗളി (100 MW), പൊന്മുടി (20 MW) മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി/ ഉപയോഗ്യ ശൂന്യമായ ഭൂമി/ ആദിവാസി ഭൂമി എന്നിവയിൽ നിന്നും 370 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാൻ നടപടികൾ തുടങ്ങി കഴിഞ്ഞു.<br><br>പൊതു ജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കി വരുന്നു.<br><br>ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ '**പി.എം. സൂര്യ ഘർ**' പ്രചരിപ്പിക്കുന്നു. |

സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/ BPL/ പുനർഗേഹം വീട്ടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ/ വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പബ്ലിക് ഇ.വി ചാർജ്ജിംഗ് സ്റ്റേഷനിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകിവരുന്നു. ഒരു കിലോവാട്ടിന് 20,000/- രൂപ നിരക്കിൽ പരമാവധി 50kW നു 10,00,000/- രൂപയാണ് ഓരോ ചാർജ്ജിംഗ് സ്റ്റേഷനും ലഭിക്കുന്നത്.

പ്രധാന മന്ത്രി കിസാൻ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി. എം. കുസും) രാജ്യത്തെ കർഷകർക്ക് സൗരോർജ്ജവുമായി ബന്ധപെട്ട സഹായം നൽകുന്ന കേന്ദ്ര പദ്ധതിയാണ്. പദ്ധതിയിലൂടെ കർഷകർക്ക് സൗരോർജ്ജ ഉല്പാദനവും, അധിക ഊർജ്ജം വിതരണ കമ്പനിക്ക് വിൽക്കുന്നതിലൂടെ ഒരു വരുമാനവും ലക്ഷ്യമിടുന്നു. ഇതിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് കേന്ദ്ര ബെഞ്ച്മാർക്ക് തുകയുടെ അടിസ്ഥാനതിൽ 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ബാക്കി വരുന്ന 40% കർഷകന്റെ (ഉപഭോക്തൃ) വിഹിതമായാണ് ഈ പദ്ധതിയുടെ ഘടന.

| | | | |
|---|---|---|---|
| | | | ആദ്യഘട്ട കേന്ദ്ര അനുമതി ലഭിച്ച 9,348 പമ്പുകളുടെ സൗരോർജ്ജവൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഇത്രയും പമ്പുകൾക്കുള്ള സംസ്ഥാന വിഹിതവും കർഷക വിഹിതവും നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്.<br><br>നിലവിൽ 4,100 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ബാക്കി പമ്പുകളുടെ വർക്ക് ഓർഡർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ 2,200 എണ്ണത്തിന്റെ സൗരോർജ്ജ വൽക്കരണം പൂർത്തിയായി. ഇതിൽ 1,150 എണ്ണം സൗരോർജ്ജനിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 4,133 kW അധിക സൗരോർജ്ജ ശേഷി നേടുവാനായിട്ടുണ്ട്.<br><br>കൃഷിഭവനുകളിൽ നിന്നും സൗജന്യ കാർഷിക കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ